

**അഭിമുഖം ●**

**ടി. ആരിഫലി (അമീർ ജമാഅത്തെ ഇസ്‌ലാമി കേരള)**

# ജമാഅത്തിന്റേത് സാമുദായിക രാഷ്ട്രീയമല്ല

► *സാമൂഹിക ഉച്ചനീചത്വവും ദാരിദ്ര്യവും നമ്മുടെ രാജ്യം നേരിടുന്ന രണ്ട് അടിസ്ഥാന പ്രശ്നങ്ങളാണ്. ജമാഅത്ത് എങ്ങനെയാണ് അതിനെ അഭിമുഖീകരിക്കുന്നത്?*

ഇന്ത്യയിലെ ജാതീയത സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്നതാണ്. അതിന്റെ വേരുകൾ വളരെ ആഴമുള്ളതുമാണ്. പുനർജന്മ സിദ്ധാന്തം, കർമസിദ്ധാന്തം തുടങ്ങിയ അടിത്തറകളിലാണ് ഇന്ത്യൻ ജാതീയത നിലനിൽക്കുന്നത്. അതിനാൽ തൊലിപ്പുറത്തുള്ള ചികിത്സയിലൂടെ സാമൂഹിക ഉച്ചനീചത്വം തുടച്ചുനീക്കാൻ സാധിക്കുന്നതല്ല. അമേരിക്കയിൽ വംശീയതക്കെതിരെ അബ്രഹാം ലിങ്കന്റെ നേതൃത്വത്തിലും ഇന്ത്യയിൽ ഗാന്ധിജിയുടെ നേതൃത്വത്തിലും നടന്ന ശ്രമങ്ങൾ പൂർണതയിൽ എത്തിയില്ല എന്നതാണ് അനുഭവം. കാരണം രോഗ ലക്ഷണങ്ങളെ ചികിത്സിക്കാനാണ് അവരൊക്കെ ശ്രമിച്ചത്.

ഏകദൈവ വിശ്വാസ അടിത്തറയിലുള്ള മനുഷ്യ സമത്വം എന്ന സിദ്ധാന്തത്തിന് മാത്രമേ പൂർണ സാമൂഹികനീതി ഉറപ്പ് വരുത്താൻ കഴിയൂ. അതിനാൽ ഇന്ത്യയിൽ ഇസ്‌ലാമിക പ്രബോധനം നിർവഹിക്കുമ്പോൾ സാമൂഹിക നീതി എന്നതാണ് ജമാഅത്തെ ഇസ്‌ലാമി എന്നും ഉയർത്തിപ്പിടിച്ചിട്ടുള്ള മുഖ്യ ആശയം. ഇസ്‌ലാമിന്റെ പ്രകൃതത്തിൽതന്നെ ഉൾച്ചേർന്നിട്ടുള്ള കാരുണ്യത്തിന്റെ വശത്തിനും ജമാഅത്ത് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. സകാത്ത് എന്ന തത്ത്വം അവതരിപ്പിക്കുക മാത്രമല്ല അതിന്റെ പ്രയോഗവത്കരണവും പലിശരഹിത സമ്പദ്‌വ്യവസ്ഥക്ക് വേണ്ടിയുള്ള പരിശ്രമങ്ങളും ഇന്ത്യയിൽ ദാരിദ്ര്യം അനുഭവിക്കുന്ന ജനകോടികൾക്ക് ആശ്വാസം പകരുമെന്ന് ജമാഅത്ത് പ്രതീക്ഷിക്കുന്നു. ചുരുക്കത്തിൽ സാമൂഹികനീതി, കാരുണ്യം എന്നീ രണ്ട് അടിത്തറകളിലാണ് ഇന്ത്യയിൽ ഇസ്‌ലാമിക പ്രബോധനരംഗത്ത് ജമാഅത്ത് നിലകൊള്ളുന്നത്.

► *ബഹുമുഖ പ്രവർത്തനങ്ങളാണ് ജമാഅത്ത് നടത്തുന്നത്. ഏതൊക്കെയാണ് ജമാഅത്തിന്റെ പ്രധാന*

### *പ്രവർത്തന മേഖലകൾ?*

ജമാഅത്തെ ഇസ്‌ലാമി ഒരു സമഗ്ര പ്രസ്ഥാനമാണ്. എന്നു വെച്ചാൽ, മനുഷ്യ ജീവിതത്തിലെ എല്ലാ വിഷയങ്ങളിലും മൗലിക കാഴ്ചപ്പാടുള്ള, എല്ലാ പ്രശ്നങ്ങളിലും ക്രിയാത്മകമായി, ലക്ഷ്യ ബോധത്തോടെ ഇടപെടുന്ന പ്രസ്ഥാനം. പ്രധാനമായും അഞ്ച് തലങ്ങളാണ് ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കുള്ളതെന്ന് പറയാം.

ഒന്ന്, രാജ്യനിവാസികളുടെ ഐക്യവും ഒരുമയും സംരക്ഷിക്കുകയും വിവിധ മതസമുദായങ്ങൾ തമ്മിലുള്ള സ്നേഹ ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യുക. വർഗീയതയും വംശവെറിയും സാമുദായിക സംഘർഷങ്ങളും കലാപങ്ങളും ഇല്ലാതാക്കാനും മത സൗഹാർദം ഊട്ടിയുറപ്പിക്കാനും ജമാഅത്തെ ഇസ്‌ലാമി പരിശ്രമിക്കുന്നു. പരസ്പരം അറിയാനും അടുക്കാനുമുള്ള അവസരങ്ങൾ ധാരാളമായി ഒരുക്കുന്നു. വർഗീയ ധ്രുവീകരണമുണ്ടാകുന്ന സന്ദർഭങ്ങളിൽ സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കാൻ ഉണർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നു. ഹൈന്ദവ–ക്രൈസ്തവ മത നേതാക്കളുമായി അടുത്ത ബന്ധം പുലർത്തുന്ന ജമാഅത്തെ ഇസ്‌ലാമി അവരെയെല്ലാം അണിനിരത്തി വർഗീയതക്കെതിരെ മതസൗഹാർദത്തിന് ശ്രമിക്കുന്നു.

രണ്ട്, ജമാഅത്തിന്റെ മറ്റൊരു പ്രവർത്തന മേഖല ജനസേവനമാണ്. ദൈവഭക്തിയുടെയും ആരാധനയുടെയും പ്രായോഗിക രൂപങ്ങളിൽ ഒന്നാണ് ജനസേവനം എന്ന് ജമാഅത്ത് വിശ്വസിക്കുന്നു. ജമാഅത്തിന്റെ ജനസേവന പ്രവർത്തനങ്ങൾ വൈവിധ്യപൂർണമാണ്. പ്രകൃതി ദുരന്തങ്ങളും കലാപങ്ങളും ഉണ്ടാകുമ്പോഴും വികസനത്തിന്റെ ഇരകൾക്ക് വേണ്ടിയും ജമാഅത്തും പോഷക സംഘടനകളും നടത്തുന്ന സേവന പ്രവർത്തനങ്ങൾ അതിരുകളില്ലാത്തതാണ്. രാജ്യനിവാസികൾ അവയെല്ലാം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അതെല്ലാം വിവരിക്കാൻ നിരവധി പേജുകൾ തന്നെ വേണ്ടി വരും.

മൂന്ന്, ദേശീയ അന്തർദേശീയ പ്രശ്നങ്ങൾ. ജമാഅത്തെ ഇസ്‌ലാമി അതിന്റെ തുടക്കത്തിൽതന്നെ ദേശീയ അന്തർദേശീയ പ്രശ്നങ്ങളിൽ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. രൂപവത്കരണകാലത്ത് സ്വാതന്ത്ര്യ സമരത്തിൽ ജമാഅത്ത് സജീവമായി പങ്കെടുത്തു. ഓരോ മുസ്‌ലിമിന്റെയും വ്യക്തിപരമായ ബാധ്യതയാണ് സ്വാതന്ത്ര്യ സമരത്തിൽ പങ്കാളികളാകുന്നത് എന്നായിരുന്നു അതിന്റെ സ്ഥാപക നേതാവ് സയ്യിദ് മൗദൂദിയുടെ നിലപാട്. ഇന്ത്യാ വിഭജനവാദം സജീവമായ ഘട്ടത്തിൽ വിഭജനത്തെ എതിർക്കുക മാത്രമല്ല, അത് ഒഴിവാക്കാൻ മറ്റു ചില സുപ്രധാന നിർദേശങ്ങൾ ഇന്ത്യൻ സമൂഹത്തിന് മുമ്പിൽ സയ്യിദ് മൗദൂദി സമർപ്പിക്കുക കൂടി ചെയ്തു.

വിഭജനാനന്തരം പുനഃസംഘടിപ്പിക്കപ്പെട്ട ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് രാജ്യത്ത് നടന്ന ഹിന്ദു–മുസ്‌ലിം സംഘർഷങ്ങൾ, ജാതീയ കലാപങ്ങൾ, ദാരിദ്ര്യം, പട്ടിണി തുടങ്ങിയ മുഴുവൻ സമസ്യകളെയും അഭിമുഖീകരിക്കുകയും പരിഹാര നിർദേശങ്ങൾ മുന്നോട്ട് വെക്കുകയും ചെയ്തു. ജനാധിപത്യം പണാധിപത്യത്തിന് വഴിമാറുകയും ക്രിമിനലിസം രാഷ്ട്രീയത്തിന്റെ അവിഭാജ്യ ഘടകമായിത്തീരുകയും ചെയ്ത ഘട്ടത്തിൽ മൂല്യാധിഷ്ഠിത രാഷ്ട്രീയം എന്ന മുദ്രാവാക്യവുമായി പാർട്ടി നേതൃത്വങ്ങളെയും ജനങ്ങളെയും ജമാഅത്ത് സമീപിച്ചു. '90കളിൽ ഫാഷിസം ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് കടന്നുവന്നപ്പോൾ അതിനെതിരെ മതനിരപേക്ഷ കക്ഷികളുമായും ജനാധിപത്യ പ്രസ്ഥാനങ്ങളുമായും ജമാഅത്ത് കൈകോർത്തു.

'90–കളുടെ ഒടുവിൽ അമേരിക്കൻ സാമ്രാജ്യത്വം നമ്മുടെ ഗവൺമെന്റിനെയും സ്വയം നിർണയാവകാശത്തെയും അപ്രസക്തമാക്കും വിധം രാജ്യത്ത് പിടിമുറുക്കാൻ ആരംഭിച്ചപ്പോൾ സാമ്രാജ്യത്വവിരുദ്ധരും രാജ്യത്തിന്റെ സ്വയം നിർണയാവകാശം ഉയർത്തിപ്പിടിക്കുന്നവരുമായ സംഘങ്ങളോടൊപ്പം നിന്ന് പ്രതിരോധം തീർക്കാൻ ശ്രമിക്കുകയും ചെയ്തു. ഇപ്പോഴും ജമാഅത്ത് രാഷ്ട്രീയ രംഗത്ത് മൂല്യബോധവും സാമ്രാജ്യത്വ–ഫാഷിസ്റ്റ് വിരുദ്ധതയും ഉയർത്തിപ്പിടിക്കുന്നു. രാഷ്ട്രീയ പ്രചാരണങ്ങളിലും വോട്ടവകാശ വിനിയോഗത്തിലും ഈ തത്ത്വങ്ങളാണ് ജമാഅത്ത് മുറുകെപ്പിടിക്കുന്നത്.

നാല്, ഇസ്‌ലാമിന്റെ സന്ദേശം ജനങ്ങൾക്ക് പകർന്നു കൊടുക്കുകയെന്നതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ മറ്റൊരു പ്രധാന പ്രവർത്തന രംഗം. ഇസ്‌ലാം മനുഷ്യ സമൂഹത്തിന്റെ പൊതുസ്വത്താണ്. ദൈവം പ്രവാചകന്മാരിലൂടെ മനുഷ്യർക്ക് നൽകുകയും അന്ത്യപ്രവാചകൻ മുഹമ്മദ് നബിയിലൂടെ പൂർത്തീകരിക്കുകയും ചെയ്ത ദൈവത്തിന്റെ സന്ദേശം ജനജീവിതത്തിന് വെളിച്ചമാകണം എന്ന് ജമാഅത്ത് ആഗ്രഹിക്കുന്നു. ഇസ്‌ലാമിനെ അറിയാനും മനസ്സിലാക്കാനും സംശയങ്ങൾ ദൂരീ

കരിക്കാനുമുള്ള അവസരം എല്ലാ ജനങ്ങൾക്കും ഉണ്ടാകണമെന്ന ലക്ഷ്യത്തോടെയാണ് ജമാഅത്ത് പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏതു ഭാഷക്കാരനും ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ കഴിയുന്ന രീതിയിൽ, എല്ലാ ഭാഷകളിലും ഖുർആൻ വിവർത്തനങ്ങളും മികച്ച ഇസ്‌ലാമിക സാഹിത്യങ്ങളും പുറത്തിറക്കാൻ ജമാഅത്തിന് സാധിച്ചിട്ടുണ്ട്. പ്രബോധനരംഗത്ത് വിജയകരമായി മുന്നോട്ടുപോകാൻ ജമാഅത്തിന് സാധിക്കുന്നുണ്ട്.

അഞ്ച്, മുസ്‌ലിം സമൂഹത്തിന്റെ സംസ്കരണം. ഇതിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന്, ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തകരുടെ സംസ്കരണം. ദൈവഭക്തരും സാമൂഹിക ബോധമുള്ളവരുമായ ഒരു പ്രവർത്തകവൃന്ദത്തെ വളർത്തിയെടുക്കാൻ ജമാഅത്ത് പരിശ്രമിക്കുന്നു. ദൈവത്തിലേക്ക് കൂടുതൽ അടുക്കുംതോറും ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുകയും അവരുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് അവരോടൊപ്പം ജീവിക്കുകയും ചെയ്യുന്നവരാണ് ജമാഅത്ത് പ്രവർത്തകർ. സാംസ്കാരികവും ആത്മീയവും ധാർമികവുമായി മാത്രമല്ല, വൈജ്ഞാനികമായും ഏറ്റവും ഉയർന്ന നിലവാരത്തിൽ നിൽക്കുന്നവരാകണം പ്രസ്ഥാന പ്രവർത്തകർ എന്ന് നാം ആഗ്രഹിക്കുന്നു.

മുസ്‌ലിംകൾ എന്നത് ഒരു ജാതിയുടെ പേരല്ല. അവർ ഒരു ആദർശ സമൂഹമാണ്. ഖുർആൻ വിഭാവനം ചെയ്ത പോലെ നന്മയുടെ ജനത(ഖൈറു ഉമ്മത്ത്)യായി, മറ്റു മത വിഭാഗങ്ങൾക്കുകൂടി മാതൃകയായി മുസ്‌ലിംകളെ വളർത്തിക്കൊണ്ടുവരാൻ ജമാഅത്ത് ശ്രമിക്കുന്നു. എല്ലാ നന്മകളുടെയും പ്രചാരകരും മുഴുവൻ തിന്മകളുടെയും എതിരാളികളുമാകണം മുസ്‌ലിം സമൂഹം. അവർ ഇസ്‌ലാമിന്റെ പ്രബോധകരും മനുഷ്യർക്ക് വേണ്ടി ജീവിക്കുന്നവരുമാകണം. അതിനു വേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പഠനക്ലാസ്സുകൾ, പ്രഭാഷണങ്ങൾ, ക്യാമ്പുകൾ, പുസ്തകങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ജമാഅത്തിന് കീഴിലുണ്ട്.

അതോടൊപ്പം മുസ്‌ലിം സമൂഹം ചരിത്രപരമായ കാരണങ്ങളാൽ പല മേഖലകളിലും ഏറെ പിന്നാക്കം നിൽക്കുന്നവരാണ്. സാമ്പത്തികവും തൊഴിൽപരവുമായ പിന്നാക്കാവസ്ഥ മാത്രമല്ല, സാമൂഹികമായ ഒറ്റപ്പെടലും അപരവത്കരണവും അവർ അനുഭവിക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ ഗവൺമെന്റിൽ സമ്മർദം ചെലുത്തുകയും സ്വയംതന്നെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുംചെയ്യുന്നു. സച്ചാർ സമിതിയുടെയും മിശ്ര കമീഷന്റെയും ശിപാർശകൾ നടപ്പിലാക്കാൻ സമ്മർദം ചെലുത്തുന്നു. കേരളത്തിൽ, പാലോളി കമീഷൻ ശിപാർശകളും ദേശീയതലത്തിൽ ന്യൂനപക്ഷ ക്ഷേമത്തിന് ആവിഷ്കരിക്കപ്പെട്ട പദ്ധതികളും നടപ്പിലാക്കണം.

ഗവൺമെന്റ് പദ്ധതികൾക്ക് മാത്രം കാത്തുനിൽക്കാതെ മുസ്‌ലിം സമുദായത്തിന്റെ പുരോഗതിക്ക് വേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഉൾപ്പെടെ ബഹുമുഖ പദ്ധതികൾ ജമാഅത്തിനുണ്ട്. അഖിലേന്ത്യാ തലത്തിൽ നടപ്പിലാക്കുന്ന 'വിഷൻ 2016' ഈ രംഗത്തുള്ള മഹത്തായ കാൽവെപ്പാണ്.

► *ജമാഅത്തെ ഇസ്‌ലാമി പുതിയ രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കുന്ന വിവരം നേരത്തെ ജമാഅത്ത് നേതൃത്വം പ്രഖ്യാപിച്ചിരുന്നുവല്ലോ. അതിന്റെ തുടർ നടപടികൾ എത്രത്തോളമായി?*

2009 അവസാനമാണ് ജമാഅത്ത് കേന്ദ്ര കൂടിയാലോചനാ സമിതി ഒരു രാഷ്ട്രീയ പാർട്ടിക്ക് മുൻകൈയെടുക്കാനുള്ള തീരുമാനമെടുത്തത്. വിവിധ പ്രസ്താവനകളിലൂടെ പ്രസ്തുത തീരുമാനം ഇന്ത്യയിലെ ജനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാർട്ടിയുടെ രൂപം, ഘടന, പ്രവർത്തന രീതി തുടങ്ങിയ കാര്യങ്ങൾ അന്ന് തീരുമാനിച്ചിരുന്നില്ല. തത്വത്തിൽ പാർട്ടി രൂപവത്കരിക്കാനുള്ള തീരുമാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കേന്ദ്രതലത്തിലും സംസ്ഥാനതലങ്ങളിലും അത് സംബന്ധിച്ച തിരക്കിട്ട കൂടിയാലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നിലധികം തവണ ബന്ധപ്പെട്ട സബ് കമ്മിറ്റികൾ കേന്ദ്ര സമിതിയുടെ മുമ്പിൽ അവരുടെ റിപ്പോർട്ടുകൾ സമർപ്പിച്ചു കഴിഞ്ഞു. ഏറ്റവും അവസാനമായി ഈ കഴിഞ്ഞ ഏപ്രിലിൽ ചേർന്ന കേന്ദ്രകൂടിയാലോചനാ സമിതിയോഗം പാർട്ടി രൂപവത്കരണ പരിപാടിയുമായി മുന്നോട്ടു പോകാനുള്ള തീരുമാനത്തിൽ തന്നെയാണ് പിരിഞ്ഞത്. പാർട്ടിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമയമാകുമ്പോൾ ജനങ്ങളെ അറിയിക്കും.

ജമാഅത്ത് ഒരു രാഷ്ട്രീയ പാർട്ടിയായി മാറുകയല്ല. ഇന്ത്യൻ ജനസമൂഹത്തിന്റെ ക്ഷേമ ഐശ്വര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന, സാമൂഹികനീതിയും സാമ്പത്തിക സന്തുലിതത്വവും ഉറപ്പ് വരുത്തുന്ന, എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കാളികളാകാൻ കഴിയുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാന

ത്തിന്റെ ഉദയത്തിന് ജമാഅത്ത് മുൻകൈയെടുക്കുകയാണ് ചെയ്യുന്നത്.

► *വരുന്ന സെപ്റ്റംബറിൽ നടക്കാനിരിക്കുന്ന തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പിൽ ജമാഅത്ത് സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാട്?*

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സേവന വേദികളായിട്ടാണ് ജമാഅത്ത് എന്നും കണ്ടിട്ടുള്ളത്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിലെല്ലാം മൂല്യബോധമുള്ളവരും അഴിമതി രഹിതരുമായ പ്രതിനിധികളെ വിജയിപ്പിച്ചെടുക്കാൻ ജമാഅത്ത് ശ്രമിച്ചിട്ടുണ്ട്. വളരെ പോസിറ്റീവായ ഇടപെടലുകളാണ് കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ ജമാഅത്ത് നടത്തിയിട്ടുള്ളത്. എന്നാൽ ജമാഅത്ത് അംഗങ്ങൾക്കും പ്രവർത്തകർക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കാനുള്ള അനുവാദം നൽകിയിരുന്നില്ല. നാലു വർഷം മുമ്പ് കേന്ദ്ര കൂടിയാലോചനാ സമിതി ചേർന്ന് അവർക്ക് മത്സരിക്കാൻ അനുമതി നൽകുക മാത്രമല്ല, അതിനാവശ്യമായ മാർഗ നിർദേശങ്ങളും നൽകുകയുണ്ടായി. പ്രസ്തു തീരുമാനമെടുത്തതിന് ശേഷമുള്ള ആദ്യ പഞ്ചായത്ത് തെരഞ്ഞെടുപ്പാണ് കേരളത്തിൽ സെപ്റ്റംബറിൽ നടക്കാനിരിക്കുന്നത്.

ജമാഅത്ത് പ്രവർത്തകർ കേരളത്തിലുടനീളം വിവിധ സാമൂഹിക സേവന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവരാണ്. കലാപങ്ങളും പ്രകൃതി ദുരന്തങ്ങളും ജീവനും സ്വത്തിനും ഭീഷണിയായി വരുമ്പോൾ ജമാഅത്ത് പ്രവർത്തകർ ഓടിയെത്താറുണ്ട്. സ്ഥിരമായ സേവന പദ്ധതികളും ജമാഅത്ത് ധാരാളമായി നടത്തുന്നുണ്ട്. ജമാഅത്ത് പ്രവർത്തകർ നടത്തിവരുന്ന സേവന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും മർമ സ്പർശിയുമാകാൻ പുതിയ തീരുമാനം സഹായകമാകുമെന്ന് ന്യായമായും പ്രതീക്ഷിക്കാം. അതിനുതകും വിധമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജമാഅത്ത് പ്രവർത്തകരുടെ പങ്കാളിത്തത്തെക്കുറിച്ച് സംസ്ഥാന നേതൃത്വം പ്രവർത്തകർക്ക് നിർദേശങ്ങൾ നൽകിയിട്ടുള്ളത്.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കഴിവും പ്രാപ്തിയുമുള്ള വ്യക്തികളെ തെരഞ്ഞെടുക്കാൻ ജമാഅത്ത് ശ്രമിച്ചു. അത്തരം വ്യക്തികളുടെ കൂട്ടത്തിൽ യോഗ്യരായ ജമാഅത്ത് പ്രവർത്തകർക്ക് കൂടി ജനസേവനത്തിന് അവസരമൊരുക്കുന്നു എന്നതാണ് ഇപ്പോൾ സംഭവിക്കുന്നത്.

► *മുസ്‌ലിം സംഘടനകൾ രാഷ്ട്രീയത്തിലേക്ക് ഇറങ്ങരുത്, അത് ഞങ്ങൾക്ക് വിട്ടുതരണം എന്ന മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയുടെ പ്രസ്താവനയോടുള്ള പ്രതികരണം?*

ഇസ്‌ലാമികാദർശത്തിൽ ഊന്നിനിൽക്കുന്ന ഒരു പ്രസ്ഥാനത്തിന് സാമുദായിക രാഷ്ട്രീയമാണ് ഏക ഓപ്ഷൻ എന്ന് ജമാഅത്ത് കരുതുന്നില്ല. മാത്രമല്ല, ഇന്ത്യാ വിഭജനത്തിന് മുമ്പും ശേഷവും സാമുദായിക രാഷ്ട്രീയത്തെ നിരാകരിച്ച പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. 1947 ഏപ്രിൽ 25,26 തീയതികളിൽ മദ്രാസിൽ ചേർന്ന ജമാഅത്ത് ദക്ഷിണേന്ത്യൻ സമ്മേളനത്തിൽ മുസ്‌ലിംകൾ സാമുദായികമായി സംഘടിക്കുന്നതും സാമുദായിക രാഷ്ട്രത്തിന് വേണ്ടി വാദിക്കുന്നതും അബദ്ധമാണെന്നും വിഭജനാനന്തരം സാമുദായികമായി തന്നെ സംഘടിക്കുന്നത് അബദ്ധത്തിന്റെ ആവർത്തനമാകുമെന്നും ആയിരുന്നു അന്നത്തെ അമീർ സയ്യിദ് മൗദൂദി തന്റെ പ്രഭാഷണത്തിൽ പറഞ്ഞത്.

ഇന്ത്യാ വിഭജനത്തിനുശേഷം ആദർശപരമായി മാത്രമാണ് ജമാഅത്ത് സംഘടിച്ച് പ്രവർത്തിച്ചത്. ഇസ്‌ലാം മുന്നോട്ടുവെക്കുന്ന സാമൂഹികനീതി, സാമ്പത്തിക സന്തുലിതത്വം, വികസന സങ്കൽപം എന്നിവയിൽ ഊന്നി നിൽക്കുന്ന ഒരു മാനുഷിക പ്രസ്ഥാനത്തിന് ഇസ്‌ലാമിന്റെ ഭൂമികയിൽനിന്നുകൊണ്ട് തന്നെ ഇന്ത്യയിൽ വലിയ സാധ്യതകളുണ്ട്. അത്തരം സാധ്യതകളെയാണ് ജനകീയ രാഷ്ട്രീയം എന്ന നിലയിൽ ജമാഅത്ത് ഉയർത്തിപ്പിടിച്ചിട്ടുള്ളത്. ജമാഅത്ത് മുൻകൈയെടുത്ത് രൂപവത്കരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനം ഏതെങ്കിലും സാമുദായിക രാഷ്ട്രീയ പാർട്ടിയുടെ ഭൂമിക കവർന്നെടുക്കുകയില്ല. അതിന് തികച്ചും വ്യത്യസ്തമായ മറ്റൊരു ഭൂമികയാണുള്ളത്.

മുസ്‌ലിം ലീഗിന്റെ പ്രവർത്തന ഭൂമിക ആരും കവർന്നെടുക്കുന്നതല്ല. നിർണായക സന്ദർഭങ്ങളിൽ ഫലപ്രദമായ തീരുമാനങ്ങൾ എടുക്കാൻ കഴിയാത്തതിനാൽ അവർ അത് സ്വയം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. അഖിലേന്ത്യാ ലീഗിന്റെയും പിന്നീട് ഐ.എൻ.എല്ലിന്റെയും രൂപവത്കരണം, പി.ഡി.പിയുടെയും മറ്റു രാഷ്ട്രീയ പാർട്ടികളുടെയും കടന്നുവരവ് എന്നിവ അങ്ങനെ സംഭവി

ച്ചതാണ്. മതസംഘടനകൾ രാഷ്ട്രീയം കൈകാര്യം ചെയ്യരുതെന്ന് മുസ്‌ലിം ലീഗിന് പറയാം. എന്നാൽ കേരളത്തിലെ പരമ്പരാഗത മതസംഘടനകളിൽ ഉൾപ്പെടുന്ന ഒന്നല്ല ജമാഅത്തെ ഇസ്‌ലാമി. രൂപവത്കരണത്തിന്റെ ഒന്നാം തീയതി മുതൽ തന്നെ ജമാഅത്തിന് രാഷ്ട്രീയ ഉള്ളടക്കമുണ്ട്. രാഷ്ട്രീയത്തിലേക്ക് പുതുതായി കടന്നുവരേണ്ട യാതൊരു കാര്യവും ജമാഅത്തിനില്ല. അതിന്റെ രാഷ്ട്രീയ ഉള്ളടക്കം കാലനുസൃതമായും ആവശ്യാനുസൃതവും വികസിപ്പിച്ച് വന്നിട്ടുണ്ട്. അതിന്റെ ഒരു ഘട്ടം മാത്രമാണ് രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കുന്നതിന് മുൻകൈയെടുക്കാനുള്ള പാർട്ടി തീരുമാനം.

► *ജമാഅത്തെ ഇസ്‌ലാമി തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് നേരിട്ടിറങ്ങിയാൽ അതിന്റെ സൽപേര് നഷ്ടപ്പെടുമെന്ന് ചില ഗുണകാംക്ഷികൾ ആശങ്കപ്പെടുന്നതിനെക്കുറിച്ച്?*

ജമാഅത്തെ ഇസ്‌ലാമി 60 വർഷത്തിലേറെയായി ഇന്ത്യയിൽ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്. ചോദ്യത്തിൽ സൂചിപ്പിച്ചതുപോലെ ഇതിനകം ജമാഅത്ത് ഒരു പ്രസ്ഥാനമെന്ന നിലയിലും അതിന്റെ പ്രവർത്തകർ വ്യക്തികൾ എന്ന നിലയിലും താരതമ്യേന മെച്ചപ്പെട്ട സൽപേര് നേടിയെടുത്തിട്ടുണ്ട്. ജമാഅത്ത് നിരന്തരമായ ഉപദേശ നിർദേശങ്ങളിലൂടെയും പരിശീലന പരിപാടികളിലൂടെയും നേടിയെടുത്ത മൂല്യബോധം കളരിക്ക് പുറത്ത് നിൽക്കാൻ വേണ്ടിയായിരുന്നില്ല. പ്രസ്ഥാനത്തിന്റെയോ പ്രവർത്തകരുടെയോ വിശുദ്ധിയും ധർമബോധവും ജനങ്ങൾ അറിയുകയും അനുഭവിക്കുകയും ചെയ്യുക പ്രവർത്തന രംഗത്ത് മാറ്റുരക്കപ്പെടുമ്പോൾ മാത്രമാണ്. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പ്രവർത്തനക്ഷമമാകുമ്പോൾ അസ്തമിച്ച് പോകുന്ന മൂല്യബോധവും വിശുദ്ധിയുമാണെങ്കിൽ അത് വെറും പൊള്ളയായിരുന്നുവെന്ന് എളുപ്പം മനസ്സിലാവും.

ജമാഅത്ത് നേതൃത്വത്തിന് പ്രസ്ഥാനത്തെക്കുറിച്ചും അതിന്റെ പ്രവർത്തകരെക്കുറിച്ചും ഒരാത്മവിശ്വാസക്കുറവുമില്ല. ജമാഅത്ത് പ്രവർത്തകർ എത്രവലിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടിവന്നാലും ഏത് പരീക്ഷണങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാലും അവരുടെ വിശുദ്ധിയും മൂല്യബോധവും അവർ നിലനിർത്തും. ഒരു സമൂഹം നേടിയെടുക്കുന്ന കഴിവും വിശുദ്ധിയും മനുഷ്യസമൂഹത്തിനുപകാരപ്പെടുന്നില്ലെങ്കിൽ പിന്നെ അത്കൊണ്ട് എന്ത് പ്രയോജനം?

► *സോളിഡാരിറ്റി രൂപവൽക്കരിച്ച് ഏകദേശം 7 വർഷം പിന്നിട്ടു. സോളിഡാരിറ്റി രൂപവൽകരണത്തിലൂടെ ജമാഅത്ത് പ്രതീക്ഷിച്ച കാര്യങ്ങൾ ഈ കാലയളവിനുള്ളിൽ അതിന് നടപ്പിലാക്കാനായി എന്ന ആത്മസംതൃപ്തിയുണ്ടോ? ജമാഅത്തിന്റെ പ്രയാണത്തിൽ സോളിഡാരിറ്റിയുടെ പങ്ക്?*

ജമാഅത്ത് അതിന്റെ ലക്ഷ്യസാഫല്യത്തിനായി ഏഴ് തലക്കെട്ടുകളിലുള്ള പ്രവർത്തന പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ പ്രധാനമായും മൂന്ന് കാര്യങ്ങളെ കേന്ദ്രീകരിച്ച് പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് സഹായകമാകും വിധമാണ് സോളിഡാരിറ്റി രൂപവത്കരിച്ചത്. ദേശീയ അന്തർദേശീയ പ്രശ്നങ്ങളിലുള്ള ഇടപെടലുകളാണ് അവയിലേറ്റവും പ്രധാന ഇനം. ജമാഅത്ത് പ്രതിനിധാനം ചെയ്യുന്ന ആദർശത്തിന്റെയും മൂല്യസംഹിതയുടെയും ഭൂമികയിൽനിന്ന്കൊണ്ട് പ്രശ്നത്തെ നോക്കിക്കാണുകയും ഇടപെടുകയും ചെയ്യുക എന്നതായിരുന്നു സോളിഡാരിറ്റി രൂപവത്കരിച്ചപ്പോൾ ജമാഅത്തിന്റെ മുമ്പിലുണ്ടായിരുന്ന ഒന്നാമത്തെ ലക്ഷ്യം. ഈ ലക്ഷ്യ സാഫല്യത്തിന് കേരളത്തിലെ നന്മേഛുക്കളായ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കണമെന്നും ജമാഅത്ത് തീരുമാനിച്ചു.

കഴിഞ്ഞ ഏഴ് വർഷത്തെ സോളിഡാരിറ്റി പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ജമാഅത്തെ ഇസ്‌ലാമിക്ക് ഏറെ അഭിമാനിക്കാൻ വകയുണ്ട്. സോളിഡാരിറ്റി ഇന്ന് കേരളത്തിലെ ഏറ്റവും ചലനാത്മകതയുള്ള യുവജന പ്രസ്ഥാനം, പ്രതിബദ്ധതയുള്ള പോരാട്ട സംഘടന, കർമ നൈരന്തര്യമുള്ള സേവന വിഭാഗം എന്നീ നിലകളിലൊക്കെ വ്യക്തിമുദ്ര പതിപ്പിച്ച് കഴിഞ്ഞിരിക്കുന്നു. സോളിഡാരിറ്റി പ്രതിനിധാനം ചെയ്യുന്ന ആദർശത്തോട് യോജിക്കാൻ കഴിയാത്തവർക്ക് പോലും പ്രവർത്തനങ്ങളിൽ സഹകരിക്കാൻ കഴിയുന്ന ഘടന സോളിഡാരിറ്റി ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ജമാഅത്തിന്റെ സേവന പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ കർമശേഷിയെ ക്രിയാത്മകമായി തിരിച്ച് വിടുകയും യുവതയെ സേവന തൽപരരാക്കുകയും ചെയ്യുക എന്നതാണ് സോളിഡാരിറ്റി രൂപവത്കരണത്തിലൂടെ ആഗ്രഹിച്ച മറ്റൊരു കാര്യം. ഈ മേഖലയിലും വളരെയധികം മുന്നോട്ട് പോകാൻ അവർക്കായിട്ടുണ്ട് എന്ന ചാരിതാർഥ്യമാണ് ജമാഅത്തിനുള്ളത്. സോളിഡാരിറ്റി ഭവന പദ്ധതി, എൻഡോസൾഫാൻ പുനരധിവാസപദ്ധതി, കുടിവെള്ള പദ്ധതി തുടങ്ങിയവക്ക് പുറമെ

സേവനവും സമരവും സമന്വയിപ്പിച്ച് സോളിഡാരിറ്റി നടത്തിയ പ്രവർത്തനങ്ങളും ഏറെ ശ്രദ്ധയാകർഷിച്ചവയാണ്. പ്ലാച്ചിമട, മൂലമ്പിള്ളി, മുക്കാൽസെന്റ് കോളനി, കാട്ടാമ്പള്ളി തുടങ്ങിയവ ഉദാഹരണങ്ങൾ.

► *എസ്.ഐ.ഒവിന്റെ സംസ്ഥാന പ്രസിഡന്റ് കൂടിയായിരുന്നല്ലോ താങ്കൾ. എസ്.ഐ.ഒവിന്റെ വളർച്ചയും കാലിക പ്രസക്തിയും എങ്ങനെ വിലയിരുത്തുന്നു?*

എസ്.ഐ.ഒ രൂപവൽകരിച്ചിട്ട് 27 വർഷം പിന്നിട്ടു. ആദ്യഘട്ടത്തിൽ വിദ്യാർഥി യുവജന പ്രസ്ഥാനമായിരുന്നു എസ്.ഐ.ഒ. വിദ്യാർഥികളിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ഉള്ളതിനേക്കാൾ കൂടുതൽ യുവാക്കളിലായിരുന്നു അതിന്റെ പ്രവർത്തനം. ഏറ്റെടുത്തിരുന്ന പ്രവർത്തനങ്ങളും യുവാക്കളുമായി ബന്ധപ്പെട്ട മേഖലകളിലായിരുന്നു. എന്നാൽ ഇപ്പോൾ കേരളത്തിൽ പൂർണമായും ഒരു വിദ്യാർഥി പ്രസ്ഥാനമാണ് എസ്.ഐ.ഒ.

അടുത്തകാലത്തായി വിദ്യാർഥി മേഖലയിൽ ഏറെ കരുത്ത് നേടാൻ എസ്.ഐ.ഒക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ കാമ്പസുകൾ കുറെ കാലമായി യാതൊരുവിധ സർഗാത്മക പ്രവർത്തനങ്ങളും നടക്കാത്ത ഇടങ്ങളായിരുന്നു. പലതും എസ്.എഫ്.ഐയുടെ പൂർണ പിടുത്തത്തിലുമായിരുന്നു. മറ്റ് സംഘടനകൾക്ക് യാതൊരു സ്വാതന്ത്ര്യവും അവിടെ ഉണ്ടായിരുന്നില്ല. കോൺഗ്രസിന് ഇന്നത്തെ മുഴുവൻ നേതൃത്വവും സംഭാവന ചെയ്ത വിദ്യാർഥി പ്രസ്ഥാനത്തെ അതേ നേതൃത്വം തന്നെ ക്രൂരമായി അവഗണിക്കുകയായിരുന്നു. കോളേജ് കാമ്പസുകളിൽ കെ.എസ്.യുവിന്റെ നില മെച്ചപ്പെടുത്തുവാനോ ഫലപ്രദമായ ഇടപെടലുകൾക്ക് അവസരമൊരുക്കുവാനോ കോൺഗ്രസ് നേതൃത്വം ശ്രദ്ധിച്ചില്ല. ഈ അവസരം ഉപയോഗപ്പെടുത്തികൊണ്ടാണ് എസ്.എഫ്.ഐ കാമ്പസുകളെ അവരുടെ ആധിപത്യത്തിൽ കൊണ്ടുവന്നത്.

ഏതാനും വർഷങ്ങളായി നമ്മുടെ കാമ്പസുകളെ അരാഷ്ട്രീയവൽകരണത്തിൽനിന്ന് രക്ഷപ്പെടുത്താനും സർഗാത്മകമാക്കി മാറ്റാനും എസ്.ഐ.ഒ ശ്രമിച്ചു കൊണ്ടിരിക്കുന്നു. എസ്.ഐ.ഒവിന്റെ ഈ ശ്രമങ്ങൾ എസ്.എഫ്.ഐ ഉൾപ്പെടെ ഇതര വിദ്യാർഥി സംഘടനകളിലെല്ലാം ഉണർവും വാശിയും പകർന്ന് നൽകിയിട്ടുണ്ട്. എസ്.ഐ.ഒവിന്റെയും ജി.ഐ.ഒവിന്റെയും പ്രവർത്തകർ കഠിനമായ മർദനങ്ങളേറ്റാണ് കാമ്പസുകളിൽ പ്രവർത്തിക്കുന്നത്. എല്ലാ മതജാതി വിഭാഗങ്ങളിലും പെട്ട വിദ്യാർഥികൾ എസ്.ഐ.ഒവിനോട് ഈ പ്രതിരോധനിര കെട്ടിപ്പടുക്കുന്നതിൽ സഹകരിക്കുന്നുണ്ട്. 2010 സമ്മേളന വർഷമായിട്ടാണ് എസ്.ഐ.ഒ കാണുന്നത്. എഡ്യുക്കേഷൻ കോൺഗ്രസ് ഉൾപ്പെടെ വിവിധ പരിപാടികൾ എസ്.ഐ.ഒ ആസൂത്രണം ചെയ്തിട്ടുണ്ട്. 2010 അവസാനിക്കുന്നതോടെ വർധിതമായ ആവേശത്തോടെയും ആത്മവിശ്വാസത്തോടെയും എസ്.ഐ.ഒ അടുത്ത അധ്യയന വർഷത്തേക്കുള്ള മുന്നൊരുക്കം നടത്തുകയായിരിക്കും.

► *സ്ത്രീ ശാക്തീകരണത്തെക്കുറിച്ച്?*

ജമാഅത്തിന് കീഴിൽ ശക്തമായ ഒരു വനിതാ വിഭാഗവും വിദ്യാർഥിനികൾക്കിടയിൽ ജി.ഐ.ഒ എന്ന സംഘടനയും പ്രവർത്തിക്കുന്നു. കേരള വനിതാ സമ്മേളനം ജമാഅത്ത് വനിതാ പ്രവർത്തകരിലും അഭ്യുദയകാംക്ഷികളിലും അസാമാന്യമായ ആത്മവിശ്വാസവും ഉണർവും പകർന്നിട്ടുണ്ട്. സ്ത്രീ സമൂഹത്തിൽ ഒരു വലിയ നാഴികക്കല്ല് തന്നെയായിരുന്നു കേരള വനിതാ സമ്മേളനം. ഇന്നവർ ഏത് പരിപാടികളും ഏറ്റെടുക്കാൻ മാത്രം ആത്മവിശ്വാസമുള്ളവരാണ്. ഏത് പ്രതിസന്ധികളെയും തരണം ചെയ്യാനുള്ള ധൈര്യവും അവർ ആർജിച്ചിരിക്കുന്നു. ഏറ്റവും ശക്തമായ വിമോചനത്തിന്റെ വഴി ഇസ്‌ലാം തന്നെയാണെന്ന് അവർ അനുഭവങ്ങളിലൂടെ മനസ്സിലാക്കികഴിഞ്ഞിരിക്കുന്നു. അവരുടെ മുന്നേറ്റത്തെ തടയുവാൻ പുരോഹിതന്മാർക്കോ ഭരണാധികാരികൾക്കോ സാധ്യമല്ലാത്തവിധം അവർ വളർന്ന് കഴിഞ്ഞിരിക്കുന്നു.

വരും മാസങ്ങൾ ജമാഅത്ത് വനിതാ പ്രവർത്തകരുടെയും ജി.ഐ.ഒ പ്രവർത്തകരുടെയും വിളവെടുപ്പിന്റേതാണ്. സമ്മേളനത്തോടനുബന്ധിച്ച് ഉഴുതു മറിച്ച ഭൂമിയിൽ വിതച്ച് വളർത്തി ഫലം കൊയ്യാൻ അവർ ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു.

► *ജമാഅത്ത് ആശയപരമായി മുസ്‌ലിം സംഘടനകളെ സ്വാധീനിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്നു. മുസ്‌ലിം സംഘടനകളുടെ പ്രസിദ്ധീകരണങ്ങളും പ്രഭാഷണങ്ങളും ഇത് ശരിവെക്കുകയും ചെയ്യു*

*ന്നു. പക്ഷെ അവരുടെ കർമ്മമണ്ഡലം ഇപ്പോഴും പഴയപടി തന്നെ. എന്താണിങ്ങനെ സംഭവിക്കുന്നത്?*

ജമാഅത്ത് ഒരു നവോത്ഥാന(തജ്ദീദി) പ്രസ്ഥാനം എന്ന നിലയിലും ഒരു പരിഷ്കരണ (ഇസ്‌ലാഹി) പ്രസ്ഥാനമെന്ന നിലയിലും മുസ്‌ലിം സമൂഹത്തെ പഠിപ്പിക്കാൻ ശ്രമിച്ച ചില മൗലികാശയങ്ങളുണ്ട്. ഇസ്‌ലാം കേവലം ഒരു മതമല്ല. അത് ഒരു സമ്പൂർണ ജീവിത പദ്ധതിയാണ്. മുസ്‌ലിം സമുദായത്തിൽ പിറന്നു എന്നതുകൊണ്ട് മാത്രം ഒരാൾ മുസ്‌ലിമാകുന്നില്ല. അയാൾ ഇസ്‌ലാം അംഗീകരിക്കുകയും അല്ലാഹുവിന് പൂർണമായി സമർപ്പിക്കുകയും ചെയ്യുന്നത് വരെ. ഇസ്‌ലാം മുസ്‌ലിം സമുദായത്തിൽ പിറന്നവർക്ക് മാത്രമുള്ളതല്ല. എല്ലാവിഭാഗം ജനങ്ങൾക്കും അവകാശപ്പെട്ടതാണ്. ഇസ്‌ലാം ജഡത്വം ബാധിച്ച ഒരു ജീർണ മതമല്ല. കാലാനുസൃതമായി വളരാനും വികസിക്കാനും ശേഷിയുള്ള ഒരു വിപ്ലവ ദർശനമാണ്. ഖിലാഫത്ത് ഇസ്‌ലാമിന്റെ അവിഭാജ്യ ഘടകമാണ്. സാമൂഹിക വ്യവസ്ഥിതിയുടെ പുനഃസംവിധാനത്തിലൂടെ മാത്രമേ ദീനിന്റെ സംസ്ഥാപനം പൂർണമാകൂ. ജമാഅത്ത് നേരത്തെ പറഞ്ഞ ഈ തത്ത്വങ്ങളെല്ലാം മുസ്‌ലിം സമൂഹത്തിനകത്ത് വർധിച്ച സ്വീകാര്യത നേടിയിട്ടുണ്ട്. ഇന്ന് മുഴുവൻ മുസ്‌ലിം സംഘടനകളുടെയും അവരുടെ നേതാക്കളുടെയും പ്രഭാഷണ-പ്രബന്ധങ്ങളുടെ മുഖ്യ പ്രമേയങ്ങളാണ് ഈ വിഷയങ്ങളെല്ലാം.

എന്നാൽ ഈ തത്വങ്ങളെ ഉൾക്കൊള്ളുന്ന പ്രവർത്തനപരിപാടികളോ സംഘടനാ സംവിധാനമോ വികസിപ്പിച്ചെടുക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അവരെല്ലാം നേരത്തെതന്നെ കേവല മതസംഘടനകളാണ് എന്നത്കൊണ്ടും മതം എന്ന നിർവചനത്തിൽ അവരുൾപ്പെടുത്തിയിട്ടില്ലാത്ത ജീവിത മേഖലകളിലെല്ലാം വേറെ വേറെ നേതൃത്വവും സംഘടനയും ഉള്ളതുകൊണ്ടും ഈ അർഥത്തിൽ വികസിക്കാൻ അവർക്ക് സാധ്യമാവുകയുമില്ല. ജമാഅത്തെ ഇസ്‌ലാമി പ്രബോധനം ചെയ്ത ആശയങ്ങൾ സ്വീകരിച്ച് അവരുടെതായി അവർ പ്രചരിപ്പിക്കുമ്പോഴും അവർ ജമാഅത്തിനോടുള്ള ശത്രുത വളർത്തുകയും അതിനെ തള്ളിപ്പറയുകയും ചെയ്യേണ്ടി വരുന്നു എന്നത് സംഘടനാ പക്ഷപാതിത്വം കൊണ്ട് ഉണ്ടായിത്തീരുന്ന പരിമിതികളാണ്. ■